# കേരളത്തിന് ഇനി ആവശ്യം ഡോൾഫിനേറിയമോ?

**വിനോദ്കുമാർ ദാമോദർ**

അടുത്തിടെ കോഴിക്കോടെ പ്രമുഖപത്രങ്ങളിൽ സ്ഥാനം പിടിച്ച വാർത്തയായിരുന്നു കോഴിക്കോട് നഗരത്തിൽ ഒരു 'ഡോൾഫിനേറിയം' തുടങ്ങണമെന്നാവശ്യവുമായി മലബാർ ചേമ്പർ ഓഫ് കൊമേഴ്സ് രംഗത്തിറങ്ങിയത്.

ഈ സംരഭം തടയണമെന്ന ആവശ്യവുമായി ഡോൾഫിൻ പ്രൊട്ടക്ഷൻ കമ്മറ്റി രംഗത്തിറങ്ങിയിട്ടുണ്ട്.

ഈയടുത്ത കാലത്ത് പാറ്റ്ന ഹൈക്കോടതി പ്രഖ്യാപിച്ച ഒരു വിധിയിൽ പറഞ്ഞത് ബീഹാറിലെ പ്രമുഖ നദിയിലെ ഡോഫൾഫിനുകളെ സംരക്ഷിക്കുവാൻ ആവശ്യമായ നടപടികളെടുക്കുവാൻ സംസ്ഥാനത്തെ എല്ലാ ജില്ലാ മജിസ്ട്രേറ്റുമാരും തയ്യാറാകണമെന്നാണ്. ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ബീഹാറിൽ ചിലയിടങ്ങളിൽ നദികളിൽ ഡോൾഫിൻ സങ്കേതങ്ങൾ (sanctuary) ആയി വേർതിരിക്കുവാൻ അവിടത്തെ വനം വന്യജീവി മന്ത്രാലയം തീരുമാനിച്ചിരിക്കുകയാണ്. ഇന്നു നമ്മൾ നമ്മുടെ കടലുകളിലും മറ്റും, കാണുന്ന ഡോൾഫിനുകൾ, ഗാൻജസ് റിവർ ഡോൾഫിനുകൾ എന്നറിയപ്പെടുന്നു. ഇത്തരം ഡോൾഫിനുകൾ വളരെയധികം പരിസര ബോധമുള്ളവരാണ്. മലിനീകരിക്കപ്പെട്ട വെള്ളത്തിൽ നിന്നും വളരെയേറെ ദൂരം പോകുന്ന സ്വഭാവം ഇവയ്ക്കുണ്ട്. അതുകൊണ്ട് തന്നെ പണ്ട് നമ്മുടെ കടപ്പുറത്തിനരികെ കടലുകളിൽ വളരെയധികം കണ്ടിരുന്ന ഡോൾഫിനുകൾ ഇന്ന് കുറഞ്ഞുവരുന്നതായി കാണാം. ഇവയെ പീഡിപ്പിക്കുകയോ കൊല്ലുകയോ ചെയ്താൽ അഞ്ചുവർഷം വരെ തടവനുഭവിക്കാവുന്ന ശിക്ഷ ലഭ്യമാണ്.

കേന്ദ്രസർക്കാറിന്റെ ഉത്തരവ് പ്രകാരം ഇന്ന് സർക്കസ്സുകളിൽ വന്യമൃഗങ്ങളെ ഉപയോഗിക്കുന്നതും പീഡിപ്പിക്കുന്നതും നിരോധിച്ച ഇന്ത്യയിൽ ഡോൾഫിനുകളെ കളിപ്പിക്കുന്നത് ശരി വെക്കാനാവില്ല. എന്നിരിക്കെ കോഴിക്കോട്ടെ ഈ സംരഭം വൻ എതിർപ്പുകൾ നേരിടാം.

ഡോൾഫിനുകളെ താമസിപ്പിക്കുന്ന അക്വേറിയത്തിൽ സ്ഥിരമായി അവയുടെ വാസജലത്തിലുള്ളതുപോലുള്ള ജലം നിലനിർത്തുവാൻ സാധിക്കുമോ എന്നുള്ളതാണ് 'ഡോൾഫിനേറിയ'ത്തിലെ ഏറ്റവും വലിയ പ്രശ്നം.

കടലിലേയ്ക്കു തള്ളപ്പെടുന്ന മാലിന്യങ്ങളിലെ രാസവസ്തുക്കൾ ഡോൾഫിനുകളുടെ കരളിലേക്ക് കടക്കുന്നു. അതു പോലെ തന്നെ പ്ലാസ്റ്റിക് അവശിഷ്ടങ്ങളും ഡോൾഫിനുകൾക്ക് ഹാനികരമാണ്.

കടൽ ആമകൾ (sea turtles) പോലെ തന്നെ വൈവിദ്ധ്യസ്വഭാവവിശേഷങ്ങൾ ഡോൾഫിനുകളിൽ കണ്ടുവരുന്നു. അതുകൊണ്ടുതന്നെ ഇവയുടെ നിലനിൽപ്പിന് ഭീഷണിയും നവൻതോതിൽ തന്നെ. ഡോൾഫിനുകളെ പരിസ്ഥിതി പശ്ചാത്തലത്തിൽ വളരുന്ന സ്ഥിതിയിൽ പൊതുജനങ്ങളെ കാണിച്ചുകൊടുക്കുവാനാണ് ഡോൾഫിൻ പ്രൊട്ടക്ഷൻ കമ്മറ്റി ശ്രമിക്കുന്നത്.

കോഴിക്കോട്ടെ പ്രമുഖ 'വ്യവസായ സംഘടന' തുടങ്ങുന്ന ഈ സംരഭം ആനിമൽ വെൽഫേർ ബോർഡ് ഓഫ് ഇന്ത്യ ശക്തമായി എതിർക്കുമെന്നാണ് റിപ്പോർട്ട്.

*അടിക്കുറിപ്പ്*

ഇന്ത്യയിലെ പല ഭാഗങ്ങളിലും മത്സ്യം പിടിക്കുന്ന വലകളിൽ കുടുങ്ങി ഡോൾഫിനുകൾ വളരെയധികം നാശത്തിലേക്ക് നീങ്ങിയിരിക്കുകയാണ്. ഇന്ത്യയിൽ അടക്കം ലോകത്തിൽ ഇന്ന് 1000ത്തിലധികം ഡോൾഫിനുകൾ അവശേഷിക്കുന്നില്ല.